**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 655-06/02/2013 -ലെ മറുപടിക്ക്**

**ഭക്ഷ്യ സുരക്ഷയ്ക്കായി കെ.എഫ്.സി.**
**ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ.കെ.ശിവദാസൻ നായർ :<br>ശ്രീ.എം.എ.വാഹീദ് :<br>ശ്രീ.പി.സി.വിഷ്ണുനാഥ് : | | ശ്രീ.കെ.എം. മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് കെ.എഫ്.സി. ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) നിലവിലുള്ള സ്ഥാപനങ്ങളിൽ ഭക്ഷണ ഗുണ നിലവാര പരിശോധന ലാബുകൾ, മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ വായ്പാ പദ്ധതി പുതിയതായി ആവിഷ്ക്കരിച്ചിട്ടുണ്ട് . |
| (ബി) | ഏതെല്ലാം വിഭാഗങ്ങൾക്കാണ് പ്രസ്തുത പദ്ധതി അനുസരിച്ച് പ്രയോജനം ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | 1. ഭക്ഷണ ഗുണ നിലവാര പരിശോധന ലാബുകൾ - നിലവിലുള്ള ഹോട്ടലുകൾ, ഭക്ഷണശാലകൾ, ഭക്ഷണ സംസ്ക്കരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക്.<br><br>2. മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ - നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ഹോസ്പിറ്റലുകൾ തുടങ്ങിയവയ്ക്ക്. |
| (സി) | പ്രസ്തുത പദ്ധതി അനുസരിച്ച് എന്തെല്ലാം തരത്തിലുള്ള വായ്പകളാണ് നൽകാനുദ്ദേശിക്കുന്നത് ; | ദേശീയ, അന്തർ ദേശീയ നിലവാരമുള്ള ഹൈടെക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുവാനും, മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ വാങ്ങുവാനും സ്ഥാപിക്കുവാനുമായി മതിയായ ഈടിൻമേൽ കോർപ്പറേഷന്റെ ഇപ്പോഴത്തെ വായ്പാ നിരക്കായ 15% ന് വായ്പ നല്കുന്നതാണ്. പരമാവധി 100 ലക്ഷം രൂപ വരെ വായ്പ നൽകും. |

| | | |
|---|---|---|
| (ഡി) | വായ്പകളും ഇളവുകളും സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാം ; വിശദമാക്കുമോ? | നിലവിൽ കോർപ്പറേഷന്റെ വായ്പാ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പദ്ധതി ചെലവിന്റെ 90% വരെയും മറ്റുള്ളവർക്ക് പദ്ധതി ചെലവിന്റെ 75% വരെയും വായ്പ ലഭ്യമാകുന്നതാണ്. പരമാവധി 5 വർഷം കൊണ്ട് തിരിച്ചടയ്ക്കേണ്ട ടി വായ്പകൾക്ക് മുതൽ തുക തിരിച്ചടവ് തുടങ്ങുവാൻ ആദ്യത്തെ 1 വർഷം വരെ സമയം അനുവദിക്കുന്നതാണ്. വായ്പാ തുകയും പലിശയും കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശയിൽ 2% റിബേറ്റ് നൽകുന്നതാണ്. കൂടാതെ, കോർപ്പറേഷൻ നടത്തുന്ന ഇന്റേണൽ ക്രെഡിറ്റ് റേറ്റിംഗിൽ 70 ശതമാനമോ അതിൽ കൂടുതലോ റേറ്റിംഗ് ലഭിക്കുന്നവർക്ക് പലിശയിൽ 1% കുറവ് അനുവദിക്കുന്നതാണ്. ഈ വായ്പകൾക്ക് പ്രോസ്സസ്സിംഗ് ഫീസിലും ഇളവു നല്കിയിട്ടുണ്ട്. ഇതനുസരിച്ച് പ്രോസ്സസ്സിംഗ് ഫീസായി 0.25% മാത്രമേ ഈടാക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ